(ബി) സ്വീകരിച്ചിട്ടുണ്ട്. പാമ്പനാർ ഗവൺമെന്റ് ഹൈസ്കൂളുകളിലും വഞ്ചിവയൽ ടൈബൽ സ്കൂളിലും മലയാളം മീഡിയത്തോടൊപ്പം തമിഴ് മീഡിയവും പ്രവർത്തിക്കുന്നതിനാൽ രണ്ട് മീഡിയത്തിലും കൂടി സർക്കാർ ഉത്തരവു പ്രകാരം 12 ഹൈസ്കൂൾ അദ്ധ്യാപക തസ്തികകൾ വീതം സംസ്ഥാന സർക്കാർ സൃഷ്ടിച്ചിട്ടുള്ളതാണ്. ഇപ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിയമനം നടത്താവുന്നതാണ്.

**പ്ലസ് ടു അദ്ധ്യാപക നിയമനം**

49 (1125) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏതൂഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പോലും അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന്റെ ഭാഗമായി തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു.

(ബി) ഗവൺമെന്റ് സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

**പ്ലസ് ടു ബാച്ചുകൾ**

50 (1126) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയിൽ എത്ര എയ്ഡഡ്/ അൺഎയ്ഡഡ് പ്ലസ് ടു സ്കൂളുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചുവെന്നും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചുവെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly